പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1298 — 6-03-2018 ലെ മറുപടിക്ക്

## കോഴിക്കോട് വേങ്ങേരിയിലെ കാർഷിക മൊത്ത വിപണന കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പ്രദീപ്കുമാർ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) കോഴിക്കോട് വേങ്ങേരിയിലെ കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) മാർക്കറ്റിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് വിപണനം നടത്തുന്നതിനുള്ള ലേലം മികച്ച പങ്കാളിത്തത്തോടെ നടന്നു വരുന്നു. ലേലത്തിൽ പങ്കെടുക്കുന്ന കർഷകർക്ക് ഉല്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുന്നതിനുള്ള കടത്തുകൂലിയും ലേല കമ്മിറ്റി അംഗങ്ങളായ കർഷകർക്ക് ഹോണറേറിയവും നല്കി വരുന്നുണ്ട്. മാർക്കറ്റിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്ന തിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. |
| (ബി) പ്രസ്തുത കേന്ദ്രത്തിൽ കൃഷി വകുപ്പ് മന്ത്രി ചൂണ്ടിക്കാണിച്ച അപാകതകൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ; | (ബി) 1. വേങ്ങേരി നഗര കാർഷിക മൊത്ത വിപണന കേന്ദ്രത്തിലെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട ഡി.പി.ആർ തയ്യാറാക്കുന്നതിലേയും പദ്ധതിക്ക് വകുപ്പുതല അംഗീകാരം ലഭിക്കുന്നതിലേയും കാലതാമസം സംബന്ധിച്ച് ബഹു.കൃഷി വകുപ്പ് മന്ത്രി വിമർശിക്കുകയും പ്രവർത്തികൾ വേഗത്തിലാക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.<br>2. കാർഷികേതര ആവശ്യങ്ങൾക്ക് അനുവദിച്ച സ്റ്റാളുകൾ ഒഴിപ്പിക്കുന്നതിന് ഉത്തരവിട്ടിട്ടുണ്ട്.<br>3. മാർക്കറ്റിലെ കോൾഡ് സ്റ്റോറേജ് ചേമ്പറുകൾ |

| | |
|---|---|
| | ഹോർട്ടികോർപ്പിനോട് ഏറ്റെടുക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.<br>4. മാർക്കറ്റിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ പ്രവർത്തിക്കുന്ന സംഘമൈത്രി ജില്ലാ ഓഫീസ് അവിടെ നിന്നും ഒഴിപ്പിക്കുന്നതിനും ഉത്തരവിട്ടിട്ടുണ്ട്. |
| (സി) ഈ അപാകതകൾ പരിഹരിച്ചോ എന്നു വ്യക്തമാക്കുമോ ? | (സി) 1. 03-02-2018 ൽ ചേർന്ന വേങ്ങേരി മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി സമഗ്ര വികസന പദ്ധതി ഡി.പി.ആർ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും അതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>2. കാർഷികേതര സ്റ്റാളുകൾ ഒഴിപ്പിക്കുന്നത് സംബന്ധിച്ച വിഷയം കോടതിയുടെ പരിഗണനയിലാണ്.<br>3. കോൾഡ് സ്റ്റോറേജ് ചേമ്പറുകൾ ഹോർട്ടികോർപ്പിന് നിലവിലെ സാഹചര്യത്തിൽ ആവശ്യമില്ല എന്നറിയിച്ചിട്ടുണ്ട്.<br>4. സംഘമൈത്രിയുടെ ഓഫീസ് ഒഴിപ്പിച്ചിട്ടുണ്ട്. |

അണ്ടർ സെക്രട്ടറി